**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1102** **06-02-2023 - ൽ മറുപടിയ്ക്ക്**

**വാട്ടർ ചാർജ് വർദ്ധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | അധികവായ്പ അനുവദിക്കുന്നതിനുള്ള കേന്ദ്ര സർക്കാർ വ്യവസ്ഥ പ്രകാരം 2021 മുതൽ ഓരോ വർഷവും വാട്ടർ ചാർജിൽ അഞ്ചു ശതമാനം താരിഫ് വർദ്ധനവ് ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം ഓരോ വർഷവും ലഭിക്കുന്ന അധിക വരുമാനം എത്രയാണെന്ന് വ്യക്തമാക്കുമോ; | (എ) | **ഏർപ്പെടുത്തിയിട്ടുണ്ട്. ഒരു വർഷം 35.79കോടി രൂപ അധിക വരുമാനമായി ലഭിക്കുന്നു** |
| (ബി) | ഇപ്രകാരം താരിഫ് ഈടാക്കുന്നത് എത്ര വർഷത്തേക്കാണെന്ന് അറിയിക്കുമോ; പ്രസ്തുത താരിഫ് വർദ്ധന പിൻവലിക്കുന്നതിന് സംസ്ഥാന സർക്കാർ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (ബി) | **ഇപ്രകാരം താരിഫ് ഈടാക്കുന്നത് എത്ര വർഷത്തേക്കാണെന്ന് ഉത്തരവിൽ പ്രതിപാദിക്കുന്നില്ല. നിലവിൽ ഈ ചാർജ് വർദ്ധനവ് പിൻവലിക്കാൻ തീരുമാനിച്ചിട്ടില്ല.** |
| (സി) | 5% താരിഫ് വർദ്ധനവിനോടൊപ്പം ലിറ്ററിന് ഒരു പൈസ നിരക്കിൽ വാട്ടർ ചാർജ് ഉയർത്തുകയും കൂടി ചെയ്യുമ്പോൾ ഉപഭോക്താക്കൾക്ക് വലിയ ബാധ്യത ഉണ്ടാകും എന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ; എങ്കിൽ വാട്ടർ ചാർജ് വർദ്ധനവ് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | **1,000 ലിറ്റർ (ഒരു കിലോ ലിറ്റർ) ജലം ശുദ്ധീകരിച്ച് വിതരണം ചെയ്യുന്നതിന് 22.85 രൂപ വാട്ടർ അതോറിറ്റിക്ക് ചിലവാകുന്നുണ്ട്. എന്നാൽ ശരാശരി 10.92 രൂപ മാത്രമാണ് ഒരു കിലോ ലിറ്റർ ജലത്തിൽ നിന്നും വരുമാനമായി ലഭിക്കുന്നത്. അതായത് ഒരു കിലോ ലിറ്റർ ജലം വിതരണം ചെയ്യുമ്പോൾ വാട്ടർ അതോറിറ്റിക്ക് 11.93 രൂപ നഷ്ടം വരുന്നുണ്ട്. ഒരു ലിറ്റർ കുടിവെള്ളത്തിന് ഒരു പൈസ നിരക്കിൽ വർദ്ധിപ്പിക്കുന്നത് വഴി ഗാർഹിക ഉപഭോക്താക്കൾക്ക് പ്രതിമാസം 1000 ലിറ്റർ ജലത്തിന് 14.41 രൂപ വർദ്ധിക്കുന്നതും ഇതിനോടൊപ്പം 01/04/2023 മുതൽ 5% കൂടി വർദ്ധിക്കുകയാണെങ്കിൽ ഒരു കിലോ ലിറ്ററിന് 15.13 രൂപ മാത്രമേ വരുന്നുള്ളു. അതായത് ഉല്പാദന ചിലവിനോടടുത്തു അപ്പോഴും എത്തുന്നില്ല.**<br><br>**മാത്രവുമല്ല ജല ശുദ്ധീകരണത്തിനും വിതരണത്തിലും വരുന്ന ചിലവിനേക്കാൾ വളരെ കുറഞ്ഞ നിരക്കിൽ ജനങ്ങൾക്ക് കുടിവെള്ളം വിതരണം ചെയ്യുന്നത് വഴി വാട്ടർ അതോറിറ്റിക്ക് ഭീമമായ നഷ്ടമാണ് പ്രതിവർഷം ഉണ്ടാകുന്നത്. വർഷാവർഷം വർധിച്ചു വരുന്ന വൈദ്യുതി ചാർജ്ജ്, കെമിക്കൽസിന്റെ വില** |

| | | | |
|---|---|---|---|
| | | | വർദ്ധനവ്, അറ്റകുറ്റ പണികളുടെ ചെലവ്, വായ്പ തിരിച്ചടവ്, ശമ്പളം, പെൻഷൻ ചെലവ് എന്നിവക്ക് അനുസൃതമായി വാട്ടർ ചാർജ്ജിൽ വർദ്ധനവ് ഉണ്ടാകുന്നില്ല. ഇത് മൂലം വാട്ടർ അതോറിറ്റിക്ക് 2021-22 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ (എ.ജി ക്ക് ഓഡിറ്റിന് നൽകിയത്) പ്രകാരം 4911.42 കോടി രൂപയാണ് സഞ്ചിത നഷ്ടം. വൈദ്യുതി ചാർജ്ജ് ഇനത്തിൽ KSEB ക്കു 1263.64 കോടി രൂപ വാട്ടർ അതോറിറ്റി നൽകാനുണ്ട്. മാത്രമല്ല 2018 മുതൽക്കുള്ള പെൻഷൻ ആനുകൂല്യങ്ങളും, പി.എഫ് ഉൾപ്പെടെയുള്ള മറ്റു ആനുകൂല്യങ്ങളും ജീവനക്കാർക്ക് നൽകാനുണ്ട്. അറ്റകുറ്റപ്പണികൾ ചെയ്ത വകയിൽ കരാറുകാർക്ക് 137.06 കോടി രൂപ കൊടുത്തു തീർക്കാനുണ്ട്.<br>ഈ സാഹചര്യത്തിലാണ് വാട്ടർ ചാർജ്ജു വർധിപ്പിക്കാനുള്ള കേരള വാട്ടർ അതോറിറ്റിയുടെ ശുപാർശ അംഗീകരിക്കാൻ തീരുമാനിച്ചത്. |

സെക്ഷൻ ഓഫീസർ